# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P10/11/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 16/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P10/11/2022 തീയ്യതി: 16/07/2022

## കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-09-2020 മുതൽ 08-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എം.ഡി.അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 08-12-2021 | 23-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-12-2021 | 23-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിജി വർഗീസ്,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീമതി സിന്ധു.റ്റി,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.അരുൺജിത്ത്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അനീഷ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജെ ശുഭ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ശ്രീ മനോജ് വി, സെക്രട്ടറി, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗം | പ്രസിഡന്റ് | 13-11-2020 | 21-12-2020 |
| ശ്രീ ജോബി കെ, അസിസ്റ്റന്റ് എഞ്ചിനീയർ , അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗം | പ്രസിഡന്റ് | 13-11-2020 | 21-12-2020 |
| ശ്രീമതി ശീതൾ ശിവൻകുട്ടി, കൃഷി ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗം | പ്രസിഡന്റ് | 13-11-2020 | 21-12-2020 |
| ഡോ.സി.ഉണ്ണികൃഷ്ണൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സീമ കെ | സെക്രട്ടറി | 01-04-2020 | 16-08-2020 |
| ശ്രീ മനോജ് വി | സെക്രട്ടറി | 17-08-2020 | 05-02-2021 |
| ശ്രീ ജി വി ജയകുമാർ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി - ഇൻ-ചാർജ്ജ് | 06-02-2021 | 08-02-2021 |
| ശ്രീമതി സീമ കെ | സെക്രട്ടറി | 08-02-2021 | 31-03-2021 |
| ശ്രീ ജി വി ജയകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ശീതൾ ശിവൻകുട്ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ദീപ്തി എ ആർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ അമൃത് എസ് വിഷ്ണു | മെഡിക്കൽ ഓഫീസർ-സിഎച്ച്സി | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രീത എൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷിമ്മി എസ് രാജ് | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രിയാ സൈമൺ | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി രഹന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ജോബി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ അബ്ദുൾ സലീം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 14-10-2020 |
| ശ്രീമതി പത്മജാദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-10-2020 | 31-03-2021 |
| ശ്രീമതി സജീന | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ തോമസ് | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Arunjith G (Senior Grade Auditor, On 30-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Arunjith G (Senior Grade Auditor, On 30-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-2 |
| 3 | 2020-21 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: T.Sindhu (Asst. Audit Officer, On 31-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Arunjith G (Senior Grade Auditor, On 30-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: T.Sindhu (Asst. Audit Officer, On 22-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Arunjith G (Senior Grade Auditor, On 30-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Arunjith G (Senior Grade Auditor, On 30-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Arunjith G (Senior Grade Auditor, On 30-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-7 |
| 9 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകകൾ കൈപ്പറ്റുന്നു.<br>Written By: Arunjith G (Senior Grade Auditor, On 31-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-7.1 |
| 10 | ഗുണഭോക്താക്കളുടെ മരണശേഷവും ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക അനുവദിക്കുന്നു.<br>Written By: Arunjith G (Senior Grade Auditor, On 31-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-7.2 |
| 11 | ഗുണഭോക്താക്കളുടെ മരണ ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു.<br>Written By: Arunjith G (Senior Grade Auditor, On 31-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-7.3 |
| 12 | ക്യാഷ് പരിശോധന<br>Written By: Arunjith G (Senior Grade Auditor, On 29-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Arunjith G (Senior Grade Auditor, On 31-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 30-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-10 |
| 15 | വെവ്വേറെ ഉപയോഗക്രമമുള്ള കെട്ടിടഭാഗങ്ങളുടെ നികുതി , ചട്ടം 9(2) പ്രകാരം നിർണയിക്കുന്നില്ല<br>Written By: Aneesh V.S (Senior Grade Auditor, On 26-12-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-11 |

| | | |
|---|---|---|
| 16 | 2019-20 സാമ്പത്തിക വർഷം ഫാക്ടറി- വ്യാപാര ലൈസൻസ് സ്വീകരിച്ച് പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Aneesh V.S (Senior Grade Auditor, On 26-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-12 |
| 17 | ഗ്രോബാഗിൽ പച്ചക്കറികൃഷി 1,587/- രൂപ അധികമായി പിൻവലിച്ചു<br>Written By: Aneesh V.S (Senior Grade Auditor, On 26-12-2021)<br>Last Updated By: Naseer S (Computer Assistant, On 12-07-2022) | 1-13 |
| 18 | കുളങ്ങളിലെ കരിമീൻ കൃഷി - ഫിഷറീസ് വകുപ്പിൽ നിന്നുള്ള വിഹിതം പദ്ധതി നിർവഹണത്തിൽ ഉൾപ്പെടുത്തിയില്ല.<br>Written By: Aneesh V.S (Senior Grade Auditor, On 26-12-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-14 |
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: T.Sindhu (Asst. Audit Officer, On 23-12-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-15 |
| 20 | വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് ചെയ്തു<br>Written By: T.Sindhu (Asst. Audit Officer, On 23-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 1-16 |
| 21 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - മതിയായ രേഖകളുടെ അഭാവത്തിൽ ആനുകൂല്യം നൽകി<br>Written By: Arunjith G (Senior Grade Auditor, On 30-12-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-17 |
| 22 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല.<br>Written By: Arunjith G (Senior Grade Auditor, On 31-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 1-18 |
| 23 | എസ് എസ് എ പദ്ധതിയ്ക്കായി അനുവദിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Arunjith G (Senior Grade Auditor, On 31-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 1-19 |
| 24 | ഗുണഭോക്തൃ വിഹിതം പിരിവ്-വരവ് ചെലവ് കണക്കുകൾ പോരുത്തപ്പെടുന്നില്ല.<br>Written By: T.Sindhu (Asst. Audit Officer, On 31-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 1-20 |
| 25 | കോയിക്കൽ ഭാഗം അംഗൻവാടി ചുറ്റുമതിൽ നിർമ്മാണം - അധിക നിരക്ക് അനുവദിച്ചു<br>Written By: Biji Varghese (Audit Officer (HG), On 01-01-2022)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് ചെയ്തു<br>Written By: T.Sindhu (Asst. Audit Officer, On 31-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: T.Sindhu (Asst. Audit Officer, On 19-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 4-6 |
| 7 | സ്ഥിര നിക്ഷേപം.<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 4-7 |
| 8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 13-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം 3 | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

30.03.2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 16.02.21 തീയതിയിലെ 15(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 02.07.2021 | - | - |

### 1-2-1 2020-21 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. വിവിധ പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതമിനത്തിലുള്ള ചെലവ് വിവരങ്ങൾ സുലേഖ സ്റ്റേറ്റ്മെന്റിൽ കൃത്യമായി ഉൾപ്പെട്ടിട്ടില്ല. ലഭ്യമായ കണക്കുകൾ പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചതിൽ 1,14,000/- രൂപ ചെലവഴിക്കാനവശേഷിക്കുന്നു. വാർഷിക കണക്കുകൾ പ്രകാരം ചെലവഴിക്കാനവശേഷിക്കുന്ന തുക 89,564/- രൂപയുമാണ്.
2. കെട്ടിട നികുതി അരിയർ തൻ വർഷ ഡിമാന്റ് കളക്ഷൻ തുകകളുടെ അഡ്ജസ്റ്റ്മെന്റ് Prior Period ൽ ഉൾപ്പെട്ടിട്ടുള്ളത് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിലുൾപ്പെടുത്തിയിട്ടില്ല.
4. ബാലൻസ് ഷീറ്റ് B - 18 ഷെഡ്യൂളിലുൾപ്പെട്ടിട്ടുള്ള Advance To Implementing Agencies-Deposit With Kerala Water Authority, Advances To Implementing Agencies-Deposit With Kerala Electricity Board എന്നിവയുടെ വിശദാംശങ്ങൾ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല. PWDക്ക് അഡ്വാൻസ് നൽകിയതിന്റെ വിവരം B4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.
5. ബാലൻസ് ഷീറ്റ് B - 18 ഷെഡ്യൂളിലുൾപ്പെട്ടിട്ടുള്ള TSC ഫണ്ടിൽ നീക്കിയിരിപ്പുണ്ട്.എന്നാൽ ഈ ഫണ്ടിനത്തിൽ മുന്നിരിപ്പ്, വരവ് തുകകൾ വാർഷികകണക്കിലുൾപ്പെട്ടിട്ടില്ല.
6. Centrally Sponsored Scheme-Total Sanitation Campaign നീക്കിയിരിപ്പ് തുക 7,56,000/- രൂപ ഉണ്ടായിരിക്കെ തൽവർഷം ചെലവില്ലാതെ ടി തുക ചെലവായി ബുക്ക് ചെയ്യുകയും ചെയ്തിരിക്കുന്നു. എന്നാൽ 2020-21 വർഷം ടി ഫണ്ടിനത്തിൽ വരവില്ലാതെ നീക്കിയിരിപ്പായി വാർഷിക കണക്കിലുൾപ്പെട്ട് കാണുന്നു.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹73,53,424 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹7,97,96,826 |
| ആകെ | ₹8,71,50,250 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹7,92,29,339 |
| നീക്കിയിരിപ്പ് | ₹79,20,911 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹33,340 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹41,33,790 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) | കൃ ബിൽ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 14908367 | 14908367 | 13743112 | 1165255 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 13176809 | 13176809 | 13170629 | 6180 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 6215000 | 6215000 | 6215000 | 0 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 5059000 | 5059000 | 5059000 | 0 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied | - | 7855899 | 7855899 | 5627384 | 2228515 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-tied | - | 4480000 | 4480000 | 3825377 | 654623 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | 0 | 46811952 | 46811952 | 46811952 | 0 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണച്ചെലവ് | 3063 | 767256 | 770319 | 763026 | 7293 | |
| ICDS | 1475846 | 873909 | 2349755 | 2051509 | 298246 | |
| WESTERN GHAT DEVELOPMENT PROGRAMME | 33463 | 851 | 34314 | 34314 | 0 | |
| ശുചിത്വമിഷൻ | 756267 | 1915172 | 2671439 | 664425 | 2007014 | |
| TSC | 0 | | | | | |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 260000 | 900000 | 1160000 | 1090120 | 69880 | |
| സാക്ഷരത | 1863 | 54 | 1917 | 115 | 1802 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | ₹14,14,20,223 | 108 | ₹6,28,68,106 | 41 | 42 | 56.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,063 | 7,67,256 | 7,70,319 | 7,63,026 | 7,293 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,68,11,952 | 4,68,11,952 | 4,68,11,952 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 3,063 | 4,75,79,208 | 4,75,82,271 | 4,75,74,978 | 7,293 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 0 |
| കർഷകതൊഴിലാളി പെൻഷൻ | 41,92,000 |
| വിധവാപെൻഷൻ | 1,17,00,800 |
| വാർദ്ധക്യകാലപെൻഷൻ | 1,98,72,900 |
| വികലാംഗപെൻഷൻ | 50,11,800 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2,66,800 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1,80,000 |

### 1-7.1 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകകൾ കൈപ്പറ്റുന്നു.

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ താഴെപറയുന്ന ഗുണഭോക്താക്കൾ ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്നവരാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും ഈ വ്യക്തികൾക്ക് കത്ത് നൽകിയിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് , വിലാസം | പെൻഷൻ ഐഡി | പി.പി.ഒ നം. | ട്രഷറിയുടെ പേര് | അനർഹമായി കൈപ്പറ്റിയ തുക ₹ | തിരികെ ഒടുക്കിയ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | ശ്രീമതി ഓമനയമ്മ<br>കൈതപത്രു വീട്, കോയിക്കൽ ഭാഗം, പെരുവേലിക്കര പി.ഒ | 103120200698 | PTSB10311 | കൊല്ലം ജില്ലാ ട്രഷറി | 59300 | ഒടുക്കിയിട്ടില്ല |
| 2 | ശ്രീമതി സതീഭായ്<br>മന്നൂട്ട് വിളയിൽ പുത്തൻവീട്, പട്ടകടവ്, കാരാളി പി.ഒ | 103120201145 | ലഭ്യമല്ല | ലഭ്യമല്ല | 63400 | ഒടുക്കിയിട്ടില്ല |
| 3 | ശ്രീമതി കോമള. കെ<br>ശ്രീകരം വീട്, കോതപുരം കാരാളി പി.ഒ | 103120201379 | ലഭ്യമല്ല | ലഭ്യമല്ല | 24600 | ഒടുക്കിയിട്ടില്ല |
| 4 | ശ്രീമതി കൗസല്യ | 103120600126 | PPO NO.11819872 | ശാസ്താംകോട്ട സബ് ട്രഷറി | 79210 | ഒടുക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | ശരണ്യാലയം, ഐത്തോട്ടുവ, വെസ്റ്റ് കല്ലട പി.ഒ | | | | | |
| 5 | ശ്രീമതി ദേവകി<br>സജിനി ഭവനം, കണത്താർ കുന്നം, കാരാളി പി.ഒ | 103120600729 | ലഭ്യമല്ല | ലഭ്യമല്ല | 60500 | ഒടുക്കിയിട്ടില്ല |
| 6 | ശ്രീമതി സുശീല<br>പ്ലാനിലത്തിൽ, വലിയപാടം, വിളന്തറ .പി.ഒ | 103120600821 | PTSB NO.3/982 | ശാസ്താംകോട്ട സബ്ട്രഷറി | 60100 | ഒടുക്കിയിട്ടില്ല |
| 7 | ആനന്ദഭായി, ആലപ്പുറത്ത് ചരുവിൽ, കോതപുരം, കാരാളി പിഒ | 103120100655 | ലഭ്യമല്ല | ലഭ്യമല്ല | സെപ്റ്റംബർ 2016 മുതൽ ₹33,600/- കൈപ്പറ്റിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല |

ഫയൽ പരിശോധിച്ചതിൽ മേൽ പറഞ്ഞിരിക്കുന്ന വ്യകതികൾക്ക് തുക തിരികെ ഒടുക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും (നം. A4/2547/2021 DTD 05.05.2021) ആരും തന്നെ തുക തിരികെ ഒടുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് മറ്റ് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിച്ച് സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ ടി വ്യക്തികൾ കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 02/2020-21 17.12.21

### 1-7.2 ഗുണഭോക്താക്കളുടെ മരണശേഷവും ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക അനുവദിക്കുന്നു.

ഗുണഭോക്താക്കളുടെ മരണശേഷവും ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക അനുവദിക്കുന്നു.

സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരിച്ചതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് മേൽവിലാസം | പെൻഷൻ ഐഡി | മരണ തീയതി | പെൻഷൻ സസ്പെന്റ് ചെയ്ത തീയതി | മരണശേഷം അനുവദിച്ച തുക | ബാങ്കുകൾ തിരികെ ഒടുക്കിയ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | ശ്രീമതി സത്യഭാമ<br>കളീലിൽ ചെറുതിട്ട വീട്, ഐത്തോട്ടുവ, വെസ്റ്റ് കല്ലട P.o | 103120600175 | 19/05/21 | 23/07/21 | 1600 | ലഭ്യമല്ല |
| 2 | ശ്രീമതി രത്നമ്മ<br>കുന്നേൽ വീട്, ഐത്തോട്ടുവ, വെസ്റ്റ് കല്ലട P.o | 103120600574 | 05/10/21 | 03/09/21 | 4800 | ലഭ്യമല്ല |
| 3 | ശ്രീ കുമാരൻ<br>മഞ്ജു ഭവനം, | 103120100421 | 03/09/20 | 13/10/21 | 39400 | ലഭ്യമല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | കണത്താർ കുന്നം, പടി. കല്ലട, കാരാളി ജംഗ്ഷൻ P.o | | | | | | |

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ആയതിനാൽ ഈ ലിസ്റ്റ് അപൂർണ്ണമാണ്.

മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. വാർഡ് ജനപ്രതിനിധികളുടേയും സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റേയും കൂട്ടുത്തരവാദിത്തത്തിൽ മരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം ശേഖരിച്ച് മരണതീയതി മുതൽ പെൻഷൻ സസ്പെന്റ് ചെയ്ത് അക്കൗണ്ടിലേക്ക് അനർഹമായി അനുവദിച്ച തുക തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 02/2020-21 17.12.21

1-7.3 ഗുണഭോക്താക്കളുടെ മരണ ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു.

സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളുടെ മരണ ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | പേര് മേൽവിലാസം | പെൻഷൻ ഐഡി | മരണ തീയതി | പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട തീയതി | തുക ₹ | അനർഹമായ കാലയളവ് | തിരികെ സർക്കാരിലേക്ക് ഒടുക്കവരുത്തിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|---|---|
| 1 | ശ്രീ നാണു, തച്ചിശ്ശേരിയിൽ കിഴക്കതിൽ, പടി. കല്ലട | 103120100045 | 18/12/2020 | 12-Nov-2021 | 15600 | 12/ 2020 To 10/ 21 | ലഭ്യമല്ല |
| 2 | ശ്രീ തങ്കപ്പൻ, കട്ടച്ചരുവിള പുത്തൻവീട്, പടി. കല്ലട | 103120100094 | 18/1/2020 | 10-Nov-2021 | 35000 | 12/ 2020 To 10/2021 | ലഭ്യമല്ല |
| 3 | ശ്രീമതി സരസമ്മ, പുളിമൂട്ടിൽ വീട്, പടി.കല്ലട | 103120100122 | 21-09-2020 | 12-Nov-2021 | 21300 | 09/2020 To 10/ 2021 | ലഭ്യമല്ല |
| 4 | ശ്രീ കുട്ടൻപിള്ള, സുരേഷ് ഭവനം, വലിയപാടം, പടി.കല്ലട | 103120200044 | 10/2/2020 | 10-Nov-2021 | 38200 | 10/ 2019 To 10/2021 | ലഭ്യമല്ല |
| 5 | ശ്രീ തങ്കപ്പൻപിള്ള, മാലിയിൽ പുത്തൻവീട്, അയിത്തോട്ടുവ | 103120200045 | 18/01/2020 | 12-Nov-2021 | 15700 | 01/2021 To 10/2021 | ലഭ്യമല്ല |
| 6 | ശ്രീമതി വിലാസിനി, | 103120200054 | 6/8/2020 | 12-Nov-2021 | 24700 | 07/2020 To 10/2021 | ലഭ്യമല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | ക്കുനൻചെളിത്തറ, വലിയപാടം, പടി.കല്ലട | | | | | | |
| 7 | ശ്രീ കരുണാകരൻ, പങ്കവീതത്തിൽ, വലിയപാടം, പടി.കല്ലട | 103120200088 | 20/08/2020 | 10-Nov-2021 | 24700 | 07/2020 To 10/2021 | ലഭ്യമല്ല |
| 8 | ശ്രീ ശശി കെ, കാട്ടുവിളയിൽ വീട്, കോയിക്കൽ ഭാഗം, പടി. കല്ലട | 103120400065 | - | 12-Nov-2021 | 14200 | 02/2021 To 10/2021 | ലഭ്യമല്ല |
| 9 | ശ്രീമതി ശോഭന, ശിവവിലാസം, പടി.കല്ലട | 103120400069 | 7/1/2020 | 12-Nov-2021 | 34000 | 10/2019 To 10/2021 | ലഭ്യമല്ല |
| 10 | ശ്രീ ജനാർദ്ദനൻ, പുത്തൻ തറയിൽ, വലിയപാടം, പടി.കല്ലട | 103120400200 | 16/12/2019 | 10-Nov-2021 | 38800 | 08/2019 To 10/2021 | ലഭ്യമല്ല |
| 11 | ശ്രീമതി ചെല്ലമ്മ പിള്ള, വാഴപ്പള്ളിൽ, പടി.കല്ലട | 103120600007 | 22/11/2020 | 12-Nov-2021 | 18500 | 11/ 2020 To 10/2021 | ലഭ്യമല്ല |
| 12 | ശ്രീ മണി, കുമ്പളത്തറ വീട്, പടി.കല്ലട | 103120600305 | 17/12/2020 | 3-sep-2021 | 13900 | 12/2020 To 10/2021 | ലഭ്യമല്ല |
| 13 | ശ്രീമതി മീനാക്ഷി, പുന്നക്കാട്ട്, നടുവിലക്കര, പടി.കല്ലട | 103120600412 | 25/01/2020 | 12-Nov-2021 | 35000 | 10/2019 To 10/2021 | ലഭ്യമല്ല |
| 14 | ശ്രീമതി ഓമന, നെടിയത്ത്, കാരാളിമുക്ക്, പടി.കല്ലട | 103120600554 | 27/01/2020 | 10-Nov-2021 | 15000 | 10/2019 To 10/2021 | ലഭ്യമല്ല |

അനർഹമായവരെ സഹകരണ ബാങ്കുകൾ യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ 5-11.20 ലെ സർക്കുലർ 67/20, പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശ്ശസ്വയംഭരണ വകുപ്പിന്റെ 16.06.21 ലെ 6809/2020 സർക്കുലർ പ്രകാരം എല്ലാ മാസവും 20 ആം തീയതിക്കകം 'ഡയറക്ട ഹോം' രീതിയിൽ വിതരണം ചെയ്യുന്ന ഗുണഭോക്താക്കളിൽ 'Deceased' എന്ന കാണിച്ചിട്ടുള്ളവരുടെ പെൻഷൻ വിശദമായ അന്വേഷണത്തിലൂടെ സസ്പെൻറ് ചെയ്യേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന

ഗുണഭോക്താക്കളിൽ അനർഹരായി റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാവരുടെയും പെൻഷൻ ഉടൻ പ്രാബല്യത്തിൽ സസ്പെൻറ് ചെയ്യേണ്ടതാണ്. ഒപ്പം വിതരണം ചെയ്യാത്ത തുക സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09/12/2021 ൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,310/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. പേമെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യുർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുവെങ്കിലും വാങ്ങലുകളിൽ പലപ്പോഴും ക്രമരഹിത നടപടി ക്രമങ്ങൾ സ്വീകരിച്ചുകാണുന്നു. വിവിധ പദ്ധതികൾക്കായുള്ള ഗുണഭോക്തൃവിഹിതം പിരിവ്, അവയുടെ ചെലവ് എന്നിവയുടെ കണക്കുകളിൽ പൊരുത്തക്കേടുകൾ കാണുന്നു. ആസ്തികളുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് ഇവ കാലികമല്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.10.2020 | 03/2020 | 17.11.20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.12.2019 | 2014-15 To 2018-19 | 15.01.2020 |

### 1-11 വെവ്വേറെ ഉപയോഗക്രമമുള്ള കെട്ടിടഭാഗങ്ങളുടെ നികുതി , ചട്ടം 9(2) പ്രകാരം നിർണയിക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ 9 (2 )പ്രകാരം വെവ്വേറെ ഉപയോഗക്രമം ഉള്ള ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ അതാത് ഭാഗത്തിന് ബാധകമായ നികുതി വെവ്വേറെ കണക്കാക്കി മൊത്തം വസ്തു നികുതി നിർണയിക്കേണ്ടത് ആണ് എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തിലെ ഫാക്ടറി -വ്യാപാര ലൈസൻസ് അനുവദിച്ചത് പരിശോധിച്ചതിൽ പാർപ്പിട ആവശ്യത്തിന് എന്ന് രേഖപ്പെടുത്തി വസ്തുനികുതി നിർണയിച്ച് കെട്ടിടങ്ങളിൽ ഫാക്ടറി - വ്യാപാര ലൈസൻസുകൾ നൽകിയതായി കാണുന്നു. ഈ സാഹചര്യത്തിൽ ഫാക്ടറി - വ്യാപാര ലൈസൻസുകൾ നൽകിയ കെട്ടിട ഭാഗത്തിന് ഉപയോഗക്രമം അനുസരിച്ചുള്ള അടിസ്ഥാന വസ്തു നികുതി നിരക്കുകൾ ബാധകമാക്കി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 17 പ്രകാരം നികുതി നിർണയത്തിന് ശേഷം കെട്ടിടത്തിലെ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തിയാൽ ആ വിവരം കെട്ടിട ഉടമ സെക്രട്ടറിയെ അറിയിക്കണമെന്നും, ഇപ്രകാരം പുതുക്കിയ റിട്ടേൺ സമർപ്പിക്കാത്ത

പക്ഷം 1000 രൂപയോ പുതുക്കിയ നികുതി നിർണയം മൂലമുണ്ടാകുന്ന നികുതി വർധന യോ ഏതാണോ അധികം അത് പിഴയായി ഈടാക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പാർപ്പിട ആവശ്യത്തിന് എന്ന് രേഖപ്പെടുത്തി വസ്തു നികുതി നിർണയിച്ച കെട്ടിടങ്ങളിൽ മറ്റ് ഉപയോഗക്രമങ്ങൾക്ക് ഫാക്ടറി - വ്യാപാര ലൈസൻസുകൾ നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫാക്ടറി വ്യാപാര ലൈസൻസ് രജിസ്റ്ററിലെ കെട്ടിട നമ്പർ | ഫാക്ടറി -വ്യാപാര ലൈസൻസ് നമ്പർ/ ലൈസൻസ് ഉടമ | അവശ്യം | അടിസ്ഥാന വസ്തു നികുതി നിർണയത്തിന് പരിഗണിച്ച ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | II/ 46 ,<br>II/ 47 | 1179/2020<br>രേണുകുമാരി | മെറ്റൽ ക്രഷർ | II/ 46 പാർപ്പിടം |
| 2 | IX /481 | 1448/2020<br>കൃഷ്ണകുമാരി | ഓയിൽ /ഫ്ലോർ മിൽ | വ്യവസായ ആവശ്യത്തിനുള്ള ഷെഡ് |
| 3 | XI/331 | 1748/2020<br>സജിത് കുമാർ | സ്റ്റേഷനറി | പാർപ്പിടം |
| 4 | V/ 497<br>VI/497 | 1940/2020<br>രതീഷ് കുമാർ | വെൽഡിംഗ് വർക്ക്ഷോപ്പ് | പാർപ്പിടം |
| 5 | VI/588 | 3262/2020<br>ഗോപാലകൃഷ്ണ പിള്ള | ചായക്കട | VI/588 കെട്ടിടം വസ്തു നികുതി നിർണയിച്ചിട്ടില്ല |
| 6 | X/376 | 4493/2020<br>ഗീത എ | ഹോട്ടൽ | പാർപ്പിടം |
| 7 | X/50 | 626/2021<br>വിദ്യാധരൻ | പലചരക്ക് വ്യാപാരം | പാർപ്പിടം |
| 8 | VIII/ 285 | ക്രമ നം 158/21-01-2021<br>സെക്രട്ടറി<br>വെസ്റ്റ് കല്ലട ക്ഷീരോത്പാദക സംഘം | പാൽ സംഭരണം , വിതരണം | പാർപ്പിടം |
| 9 | XI/61 | 1980/2021<br>മനോജ് വി | സ്റ്റേഷനറി | പാർപ്പിടം |
| 10 | V/ 228 | 2801/2021<br>ശിവൻ കുട്ടി കെ | പലചരക്ക് വ്യാപാരം | പാർപ്പിടം |
| 11 | IV/220, 224<br>226, 230, 231, 232 | 2373/2021<br>ബിനു ജോൺ | കശുവണ്ടി പ്രോസസിങ് | പാർപ്പിടം |
| 12 | IV/418, | 1608/2021<br>സുരേന്ദ്രനാഥൻ നായർ | പലചരക്ക് വ്യാപാരം | പാർപ്പിടം |
| 13 | IV/463, | 1001/2021<br>ബെന്നച്ചൻ | സ്റ്റേഷനറി | പാർപ്പിടം |
| 14 | IX/298 | 6710/2021<br>ജയപാൽ | മെഡിക്കൽ സ്റ്റോർ | പാർപ്പിടം |
| 15 | I/566 | 2447/2021 പ്രസന്നകുമാർ | വർക്ക്ഷോപ്പ് | പാർപ്പിടം |
| 16 | XII/14 | 2853/2021<br>ശിവദാസൻ ആചാരി | വെൽഡിംഗ് വർക്ക്ഷോപ്പ് | പാർപ്പിടം |

| | | | | |
|---|---|---|---|---|
| 17 | XI/288 | 6656/2021<br>ചന്ദ്രിക | സ്റ്റേഷനറി | പാർപ്പിടം |
| 18 | XIII/87 | 2940/2021<br>രമ്യ രാജേഷ് | ഡി.റ്റി.പി് സെന്റർ | പാർപ്പിടം |
| 19 | VII/565 | 2939/2021<br>സെക്രട്ടറി<br>വെസ്റ്റ് കല്ലട സർവ്വീസ് സഹകരണ സംഘം | വളം ഡിപ്പോ | വാണിജ്യ കെട്ടിടം |
| 20 | VIII/330 | 2933/2021<br>സെക്രട്ടറി<br>വെസ്റ്റ് കല്ലട സർവ്വീസ് സഹകരണ സംഘം | വളം ഡിപ്പോ | ഓഫീസ് ആവശ്യം |
| 21 | I/134 | 2800/2021<br>സൈനലാബുദ്ദിൻ | ടയർ വ്യാപാരം | പാർപ്പിടം |
| 22 | I/387 | 3032/2021<br>ഷമീർ | മൊബൈൽ ഷോപ്പ് | പാർപ്പിടം |
| 23 | I/520 | 3023/2021<br>അജാദ് | മൊബൈൽ ഷോപ്പ് | പാർപ്പിടം |

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 9 (2 ), ചട്ടം 17 എന്നിവ പ്രകാരം തുടർ നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(11/23.12.2021) ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പുനർ നിർണ്ണയം നടത്തി, നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-12 2019-20 സാമ്പത്തിക വർഷം ഫാക്ടറി- വ്യാപാര ലൈസൻസ് സ്വീകരിച്ച് പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗത്തിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടക്കുവാൻ ബാദ്ധ്യസ്ഥരാണ്.

2020-21 സാമ്പത്തിക വർഷം ഫാക്ടറി- വ്യാപാര ലൈസൻസ് സ്വീകരിച്ച് പ്രവർത്തിച്ചിരുന്ന താഴെ ചേർക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 2020-21 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഫാക്ടറി - വ്യാപാര ലൈസൻസ് നം |
|---|---|---|
| 1 | വളം ഡിപ്പോ, സെക്രട്ടറി<br>വെസ്റ്റ് കല്ലട സർവ്വീസ് സഹകരണ സംഘം<br>കെട്ടിട നമ്പർ-(VIII/330) | 2933/2020 |
| 2 | വളം ഡിപ്പോ, സെക്രട്ടറി<br>വെസ്റ്റ് കല്ലട സർവ്വീസ് സഹകരണ സംഘം | 2939/2020 |

| | | |
|---|---|---|
| | കെട്ടിട നമ്പർ-(VII/565) | |
| 3 | നീതി സ്റ്റോർ, സെക്രട്ടറി<br>വെസ്റ്റ് കല്ലട സർവ്വീസ് സഹകരണ സംഘം<br>കെട്ടിട നമ്പർ-(VII/564) | 2937/2020 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/23.12.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 ഗ്രോബാഗിൽ പച്ചക്കറികൃഷി 1,587/- രൂപ അധികമായി പിൻവലിച്ചു

| നിർവഹണോദ്യോഗസ്ഥൻ -കൃഷി ഓഫീസർ | | |
|---|---|---|
| പദ്ധതി, നം | ഗ്രോബാഗിൽ പച്ചക്കറികൃഷി (69/2019-20) | ഗ്രോബാഗിൽ പച്ചക്കറികൃഷി (162/2020-21)<br>Spill Over |
| അടങ്കൽ തുക | 1,42,830/-(വികസന ഫണ്ട് പൊതുവിഭാഗം)<br>45,495/- (ഗുണഭോക്തൃ വിഹിതം)<br>----------------<br>ആകെ - 1,88,325/- | 63,480/-<br>(വികസന ഫണ്ട് പൊതുവിഭാഗം) |
